**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3974** **15-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ എത്ര കെ-സ്റ്റോറുകളാണ് ആരംഭിക്കുന്നതെന്നും ഇതിൽ മലപ്പുറം ജില്ലയിൽ എത്ര എണ്ണമാണ് ആരംഭിക്കുന്നതെന്നും അറിയിക്കാമോ; സംസ്ഥാനത്ത് ആകെ എത്ര കെ-സ്റ്റോറുകളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് (ആകെ 70 എണ്ണം) പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള 05 റേഷൻ കടകളിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ മൂത്തേടം പഞ്ചായത്തിലെ പെരുങ്കെല്ലപ്പാറ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന **2052011** നമ്പർ റേഷൻ കടയാണ് കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | നിലമ്പൂർ മണ്ഡലത്തിൽ നിന്ന് കെ-സ്റ്റോർ അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത മണ്ഡലത്തിൽ എത്ര കെ-സ്റ്റോറുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; അവ ഏതൊക്കെയാണെന്ന് തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ റേഷൻ കടകളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ